**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2637      12.02.2019-ൽ മറുപടിയ്ക്ക്.

**കാട്ടുപന്നികളുടെ ശല്യം**

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹിം | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) കാട്ടുപന്നികളുടെ ശല്യം വർദ്ധിക്കുന്നതുമൂലം കൃഷിക്കാർ ബുദ്ധിമുട്ടുന്നതായ വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൃഷി നശിപ്പിക്കാനെത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കൃഷിക്കാർക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;<br>(സി) കാട്ടുപന്നി ശല്യം നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി)&(സി) വർദ്ധിച്ചു വരുന്ന ഇത്തരത്തിലുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് പൊതുജനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് 2011ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പലപ്പോഴായി കാലാവധി ദീർഘിപ്പിച്ച മേൽ ഉത്തരവിന്റെ കാലാവധി 2016 മാർച്ച് മാസത്തിൽ അവസാനിച്ചു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടി വയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം മനുഷ്യനോ സ്വത്തിനോ നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഒഴിവാക്കുന്നതിന് വൈൽഡ് ലൈഫ് വാർഡന് ഉള്ള അധികാരം ഡി.എഫ്.ഒ-മാർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുന്നതിനും ആയതിനു സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ 12.11.18 ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ